# ന്യൂയോര്ക്ക് സിറ്റിയില് നടന്ന ഇന്ത്യ-യുഎസ്-അഫ്ഗാനിസ്ഥാന് ത്രിതല യോഗ സംയുക്ത പത്രക്കുറിപ്പ്

സെപ്തംബര് 22, 2016

എഴുപത്തിയൊന്നാമത് ഐക്യരാഷ്ട്ര പൊതു അസംബ്ലിയുടെ അവസരത്തില് ഒരു വട്ട അഫ്ഗാനിസ്ഥാന് -ഇന്ത്യാ-യുഎസ് ചർച്ചകൾക്ക് ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് അഫ്ഗാനിസ്ഥാന്, റിപ്പബ്ലിക് ഓഫ് ഇന്ത്യ, യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കാ എന്നിവിടങ്ങളില് നിന്നുമുള്ള പ്രതിനിധികള് സെപ്തംബര് 21നു ന്യൂയോർക്ക് സിറ്റിയില് യോഗം ചേർന്നു

അഫ്ഗാനിലെ ഡെപ്യൂട്ടി വിദേശകാര്യമന്ത്രി ഹെക് മത് കർസായ് , അഫ്ഗാനിസ്ഥാനിലെ ഇന്ത്യന് സ്ഥാനപതി മൻപ്രീത് വോറ , അഫ്ഗാനിസ്ഥാനും പാകിസ്ഥാനും വേണ്ടിയുള്ള എസ് പ്രത്യേക പ്രതിനിധി റിച്ചാർഡ് ഓൾസണ്, എന്നിവര് അഫ്ഗാനിസ്ഥാനിലെ സ്ഥിതിവിശേഷങ്ങളിലെ കാഴ്ചപ്പാടുകള് പങ്ക് വയ്ക്കുവാനും മേഖലാ വിഷയങ്ങളില് പരസ്പരം താത്പര്യമുള്ള വിഷയങ്ങള് ചർച്ച ചെയ്യുവാനുമാണ് യോഗം ചേർന്നത്

മേഖലയില് സമാധാനവും സുരക്ഷയും വളർത്തുവാനും അതേ പോലെ തീവ്രവാദത്തെ ചെറുക്കുവാനുമുള്ള തങ്ങളുടെ പങ്ക് വക്കുന്ന താത്പര്യങ്ങള് അവര് ഉറപ്പിച്ച് പറഞ്ഞു. മേഖലാ വ്യാപ്തിയുൾപ്പെടെ അഫ്ഗാനിസ്ഥാന്റെ രാഷ്ട്രീയ , സാമ്പത്തിക, വികസന ലക്ഷ്യങ്ങള് കേന്ദ്രീകരിച്ചുള്ള ചർച്ചകളെ എല്ലാ വിഭാഗങ്ങളും , സ്വാഗതം ചെയ്തു . അഫ്ഗാന് ഗവൺമെന്റിനു മുൻഗണനയുള്ളവയില് തങ്ങളുടെ സഹായം നൽകുവാനും ഏകോപിപ്പിക്കുവാനും വഴികള് തേടുവാന് ഇന്ത്യാ ഗവൺമെന്റിനും യു എസ് ഗവൺമെന്റിനുമുള്ള ഒരു വേദിയായിരുന്നു ഈ യോഗം. പങ്ക് വക്കുന്ന മൂല്യങ്ങളും ലക്ഷ്യങ്ങളും കൂടുതല് വളർത്തുവാന് ചർച്ച

സഹായകമായെന്ന് അവര് സമ്മതിച്ചു , ഈ ചര്‍ച്ചകള് ഇനിയും പതിവായി തുടരാമെന്നും അവര് തീരുമാനിച്ചു

ന്യൂഡെല്‍ഹി
സെപ്തംബര് 22, 2016